**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 960** **11-02-2025 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികളിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനാതിർത്തികളിൽ താമസിക്കുന്നവർ നേരിടേണ്ടി വരുന്ന വന്യജീവിയുടെ ആക്രമണവും കൃഷി നശിപ്പിക്കലും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ചില പ്രത്യേക വനാതിർത്തി മേഖലകളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ഉണ്ടാവുന്നതായും, കാർഷിക വിളകൾ നശിപ്പിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂപ്രകൃതി, കാലാവസ്ഥാ വ്യതിയാനം, അശാസ്ത്രീയമായ ഭൂവിനിയോഗ രീതി, ജനസാന്ദ്രത, അധിനിവേശ സസ്യങ്ങളുടെ വ്യാപനം, ആവാസ വ്യവസ്ഥയുടെ തുടർച്ച നഷ്ടമാകൽ തുടങ്ങിയവയാണ് ഇത്തരം സംഘർഷങ്ങൾ ആവർത്തിക്കപ്പെടുന്നതിന് കാരണമായി കണ്ടെത്തിയിട്ടുള്ളത്. വിവിധ സംസ്ഥാനങ്ങളുമായി വനാതിർത്തി പങ്കിടുന്ന സംസ്ഥാനമാണ് കേരളം. വേനൽക്കാലത്ത് ഭക്ഷണ ദൗർലഭ്യവും ജല ദൗർലഭ്യവും നേരിടുന്ന അവസരത്തിൽ അയൽ സംസ്ഥാനങ്ങളിലെ വനപ്രദേശത്തു നിന്നും വന്യമൃഗങ്ങൾ കേരള വനങ്ങളിലേക്ക് ദേശാടനം നടത്തുകയും തന്മൂലം കേരളത്തിലെ വനപ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ സാന്ദ്രത കൂടുന്നതിന് കാരണമാവുകയും, ഇത് വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് എത്തിപ്പെടുന്നതിന് കാരണമാകുകയും ചെയ്യുന്നതായി റിപ്പോർട്ടുകളുണ്ട്. തുടർച്ചയായ വനപ്രദേശങ്ങൾക്കിടയിലെ വന്യമൃഗ ഇടനാഴികൾ ശിഥിലമായതു മൂലവും ഇവ ജനവാസ മേഖലയിലേക്ക് എത്തിപ്പെടുന്നുണ്ട്. സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും വനം വകുപ്പ് ആധുനിക ഉപകരണങ്ങളുടെയും, സാങ്കേതിക വിദ്യകളുടെയും സഹായത്തോടെ പൊതുജന പങ്കാളിത്തോടുകൂടി സാധ്യമായ എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിൽ നിന്നും ജനത്തെ രക്ഷിക്കാനും ഒപ്പം വന്യജീവികളെ സംരക്ഷിക്കുന്നതിനുമുള്ള മാസ്റ്റർ പ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗസംഘർഷം കൂടുതലായിട്ടുള്ള പ്രദേശങ്ങളെ 12 ലാൻഡ്സ്കേപ്പുകളായി തിരിച്ചുകൊണ്ട് ഹോട്ട്-സ്പോട്ടുകൾ തിരിച്ചറിഞ്ഞ് പ്രതിരോധ-ലഘൂകരണ പ്രവർത്തനങ്ങൾ അടങ്ങിയ ലാൻഡ്സ്കേപ്പ് ലെവൽ വന്യജീവി സംഘർഷ ലഘൂകരണ പ്ലാനുകൾ തയ്യാറാക്കി വരുന്നു. ടി കർമ്മപദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ പരിഹാര നയം രൂപീകരിക്കുന്നതിനും 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കഴിഞ്ഞ 5 വർഷ കാലയളവിൽ ഓരോ വർഷവും എത്ര ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു എന്നും എത്ര പേർ ആക്രമണത്തിന് ഇരയായി എന്നും എത്ര പേർക്ക് ജീവഹാനി സംഭവിച്ചു എന്നും എത്ര ഹെക്ടർ കൃഷിയിടം നശിപ്പിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട മനുഷ്യ-വന്യമൃഗ സംഘർഷങ്ങളിൽ ജീവഹാനി സംഭവിച്ചവരുടേയും പരിക്കേറ്റവരുടേയും, കൃഷിനാശം സംഭവിച്ചവരുടേയും എണ്ണവും അനുബന്ധമായി ചേർക്കുന്നു.<br><br>ഭൂരിഭാഗം വിളകൾക്കും കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം അനുവദിക്കുന്നത് നഷ്ടപ്പെട്ട വിളകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആയതിനാൽ കൃഷിനാശം സംഭവിച്ചിട്ടുള്ള കൃഷിഭൂമിയുടെ കൃത്യമായ വിസ്തൃതി ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **വർഷം** | **ജീവഹാനി സംഭവിച്ചവരുടെ എണ്ണം** | **പരിക്കേറ്റവരുടെ എണ്ണം** | **കൃഷിനാശം സംഭവിച്ചവർ** |
|---|---|---|---|
| 2019-20 | 90 | 767 | 5550 |
| 2020-21 | 88 | 1065 | 6541 |
| 2021-22 | 113 | 987 | 6580 |
| 2022-23 | 89 | 1055 | 6863 |
| 2023-24 | 76 | 1622 | 8141 |
| 2024-25 (31/01/2025 വരെ) | 53 | 1235 | 2503 |
| **ആകെ** | **509** | **6731** | **36178** |